(ബി) ഉണ്ടെങ്കിൽ എത്ര ഫാക്ടറിയാണ് തുടങ്ങുവാൻ പോകുന്നത്;

(സി) അതിൽ ഒരെണ്ണം കൊല്ലം ജില്ലയിൽ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. കൺട്രോൾ സിമന്റ് ഫാക്ടറി തുടങ്ങുവാനുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ഫോറസ്റ്റ് റേഞ്ചർമാർക്ക് പ്രൊമോഷൻ

107 [147] ശ്രീ. സി. എ. കുര്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റേഞ്ചർമാർക്ക് പ്രൊമോഷൻ സാദ്ധ്യത കുറവായതിനാൽ അവർക്ക് ഉയർന്ന സ്കെയിലിൽ ഒരു സീനിയർ ഗ്രേഡ് അനുവദിക്കണമെന്ന് ശംബളക്കമ്മീഷൻ ശുപാർശ ചെയ്തിരുന്നോ;

(ബി) എങ്കിൽ അതു നടപ്പിലാക്കുമ്പോൾ റേഞ്ചർമാരുടെ മൊത്തം റേഞ്ചർ സർവീസ് പരിഗണിച്ച് സീനിയർ ഗ്രേഡ് നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ശുപാർശ ചെയ്തിരുന്നു.

(ബി) റേഞ്ചർ തസ്തികയിലുള്ള സീനിയോറിട്ടി അടിസ്ഥാനത്തിൽ ഗ്രേഡ് നൽകുന്ന കാര്യമാണ് പരിഗണനയിൽ ഉള്ളത്.

മലഞ്ചരക്ക് ഉൽപ്പന്നങ്ങളുടെ വിപണനം സംബന്ധിച്ചു വന്ന പത്രവാർത്ത

108 [149] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ ഗിരിവർഗ്ഗക്കാരുടെ ഒരു ഇല്ലാത്ത സൊസൈറ്റിക്കു മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ വനം വകുപ്പ് അനുവാദം കൊടുത്തുവെന്നുള്ള 20-8-1979-ലെ മാതൃഭൂമി റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്

(ബി) ഇക്കാര്യം ഗവൺമെന്റ് അന്വേഷിച്ചു വരികയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly